<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3617</u> <u>26-10-2021 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ആർ.ടി.സി. യിൽ ശമ്പള പരിഷ്കരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത് എന്നാണ്; വ്യക്തമാക്കുമോ; | (എ) | 01.03.2011-ലാണ് അവസാനമായി കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണം നടത്തിയത്. ടി കരാറിന്റെ കാലാവധി 29.02.2016 വരെ അഞ്ച് വർഷകാലത്തേയ്ക്കാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. യിൽ ശമ്പള പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണം നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. |
| (സി) | കോവിഡ് കാലത്ത് കെ.എസ്.ആർ.ടി.സി. യിൽ ഏർപ്പെടുത്തിയ പന്ത്രണ്ട് മണിക്കൂർ സിംഗിൾ ഡ്യൂട്ടി നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമാണോയെന്ന് വ്യക്തമാക്കാമോ; | (സി) | 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2 (f), (i), (ii), (iii) 2 (K) സെക്ഷൻ 13, 16, 17 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും, പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും, ഒരു ഡ്യൂട്ടിക്ക് spread over 12 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിക്കാൻ നിർദേശിച്ചിരിക്കുന്നത്. ആകയാൽ 12 മണിക്കൂർ spread over-ലെ സിംഗിൾ ഡ്യൂട്ടി തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമല്ല. |
| (ഡി) | കോവിഡ് പ്രതിസന്ധി മാറി ബസ് ഗതാഗതം പൂർണ്ണമായി പുനഃസ്ഥാപിച്ച സാഹചര്യത്തിൽ പന്ത്രണ്ട് മണിക്കൂർ സിംഗിൾ ഡ്യൂട്ടി ഒഴിവാക്കി ഡബിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുമോ; അറിയിക്കുമോ; | (ഡി) | നിലവിലെ സാഹചര്യത്തിൽ 12 മണിക്കൂർ ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കി ഡബിൾ ഡ്യൂട്ടി നടപ്പിലാക്കുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ഇ) | നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ അധിക ജീവനക്കാരുണ്ടോ; ഉണ്ടെങ്കിൽ അവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ഇ) | കെ.എസ്.ആർ.ടി.സി. ഭരണസമിതി അംഗീകരിച്ച ബസ് - ജീവനക്കാർ തമ്മിലുള്ള അനുപാത പ്രകാരം പരിശോധി ക്കുമ്പോൾ 1,483 കണ്ടക്ടർമാരും 2,024 |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാരും 2,410 മെക്കാനിക് ജീവനക്കാരും അധികമാണ്. |
| (എഫ്) | കെ.എസ്.ആർ.ടി.സി. യിൽ പുതിയ ബസ്സുകൾ വാങ്ങാത്തത് മൂലം സർവ്വീസുകളുടെ എണ്ണം വെട്ടിച്ചുരുക്കുകയും അതുമൂലം ജീവനക്കാർ അധികമാണെന്നുമുള്ള പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | കെ.എസ്.ആർ.ടി.സി. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകൾ ഏതൊക്കെയാണ്; അവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ? | (ജി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ